# പതിനാലാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3252** **07.11.2019-ൽ മറുപടിയ്ക്ക്**

**മത്സ്യക്കൃഷി നടത്തുന്ന കർഷകർക്ക് ധനസഹായം**

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| --- | --- |
| എ) മത്സ്യക്കൃഷി നടത്തുന്നതിനായി ലൈസൻസ് നൽകിയിട്ടുള്ള വൈപ്പിൻ നിയോജകമണ്ഡലത്തിലെ കർഷകർക്ക് സർക്കാരിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള ധനസഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | എ) ഉണ്ട്. നീലവിപ്ലവം പദ്ധതി (2017-18) പ്രകാരം സെമി ഇന്റൻസീവ് ഫാമിംഗ് ഓഫ് ഷ്രിംപ് എന്ന പദ്ധതിയ്ക്കായി നായരമ്പലം പഞ്ചായത്തിലെ 3 കർഷകർക്കും ജനകീയ മത്സ്യകൃഷി - II പദ്ധതി (2019-20) യിൽ ഉൾപ്പെടുത്തി ഓരുജല സമ്മിശ്ര മത്സ്യകൃഷിക്കായി പള്ളിപ്പുറം, എടവനക്കാട്, എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തുകളിലെ 3 കർഷകർക്കും ലൈസൻസും ധനസഹായവും നൽകിയിട്ടുണ്ട്. ഇതു കൂടാതെ ജനകീയ മത്സ്യകൃഷി - II പദ്ധതി (2019-20) യിൽ ഉൾപ്പെടുത്തി ഓരുജല സമ്മിശ്ര മത്സ്യകൃഷിയ്ക്കായി നായരമ്പലം, ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തുകളിലെ 2 കർഷകരെയും സെമി ഇന്റൻസീവ് ഫാമിംഗ് ഓഫ് ഷ്രിംപ് എന്ന പദ്ധതിയ്ക്കായി നായരമ്പലം പഞ്ചായത്തിലെ ഒരു കർഷകനെയും ഗുണഭോക്താവായി അംഗീകരിച്ചിട്ടുണ്ട്. ടി വ്യക്തികളുടെ രജിസ്ട്രേഷൻ & ലൈസൻസ് നടപടികൾ പുരോഗമിച്ചു വരുന്നു. |
| ബി) നിലവിൽ ഇത്തരത്തിലുള്ള കർഷകർക്ക് ധനസഹായം നൽകുന്ന ഏതെങ്കിലും പദ്ധതികളുണ്ടോ; വിശദാംശം നൽകാമോ? | ബി) നിലവിൽ മത്സ്യകൃഷിക്കായി ജനകീയ മത്സ്യകൃഷി പദ്ധതി, നീല വിപ്ലവം പദ്ധതി എന്നിവ മുഖേന സീറോ വാട്ടർ ഷ്രിംപ് ഫാമിംഗ് ഓരുജല സമ്മിശ്ര മത്സ്യകൃഷി, ഒരു നെല്ലും ഒരു ചെമ്മീനും എന്നീ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. |

**സെക്ഷൻ ആഫീസർ**